REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 25-11-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **രാമക്ഷേത്രത്തിന്റെ പൂർത്തീകരണത്തോടെ രാജ്യം മുഴുവൻ ശ്രീരാമഭക്തിയിൽ മുഴുകുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **രാജ്യം നാളെ ഭരണഘടനാദിനം - സംവിധാൻ ദിവസ് ആഘോഷിക്കുന്നു.**
- **കേന്ദ്രം കൊണ്ടുവന്ന പുതുക്കിയ തൊഴിൽചട്ടങ്ങൾ സമ്പദ്വ്യവസ്ഥയെ ഉത്തേജിപ്പിക്കുകയും, തൊഴിലില്ലായ്മ കുറയ്ക്കുകയും ചെയ്യുമെന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ.**
- **സംസ്ഥാന തദ്ദേശ തിരഞ്ഞെടുപ്പിന് മുന്നണികളും സ്ഥാനാർത്ഥികളും പ്രചാരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി.**
- **ഗോഹട്ടി ക്രിക്കറ്റ് ടെസ്റ്റിൽ ദക്ഷിണാഫ്രിക്കയ്ക്ക് രണ്ടാം ഇന്നിംഗ്സിൽ നാല് വിക്കറ്റ് നഷ്ടമായി.**

## വാർത്തകൾ വിശദമായി

രാമക്ഷേത്രത്തിന്റെ പൂർത്തീകരണത്തോടെ രാജ്യം മുഴുവൻ ശ്രീരാമഭക്തിയിൽ മുഴുകുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. ഇന്ത്യൻ നാഗരികതയുടെ പ്രതീകം കൂടിയാണ് ഇന്ന് ക്ഷേത്രത്തിൽ ഉയർത്തിയ പതാകയെന്ന് പ്രധാനമന്ത്രി വിലയിരുത്തി. അയോധ്യയിലെ രാമജന്മഭൂമി ക്ഷേത്രത്തിൽ, ആചാരപരമായ ചടങ്ങുകളോടെ പതാക ഉയർത്തിയ ശേഷം സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി. വികസിത ഭാരതത്തിന് രാമജന്മഭൂമി ക്ഷേത്രം പ്രചോദനമാകുമെന്നും നരേന്ദ്രമോദി അഭിപ്രായപ്പെട്ടു.

ക്ഷേത്രത്തിന്റെ 191 അടി ഗോപുരത്തിലാണ് ക്ഷേത്ര പൂർത്തീകരണം വിളംബരം ചെയ്യുന്ന പതാക ഉയർത്തിയത്. RSS മേധാവി മോഹൻ ഭാഗവതും, UP മുഖ്യമന്ത്രി യോഗി ആദിത്യനാഥും, ഗവർണർ ആനന്ദിബെൻ പട്ടേലും, പ്രധാനമന്ത്രിക്കൊപ്പം ക്ഷേത്രത്തിലെ ദർശനത്തിലും, ചടങ്ങുകളിലും പങ്കെടുത്തു.

✪✪✪

രാജ്യം നാളെ ഭരണഘടനാദിനം - സംവിധാൻ ദിവസ് ആഘോഷിക്കുന്നു. 'ഹമാരാ സംവിധാൻ, ഹമാരാ സ്വാഭിമാൻ' എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം. 1949 നവംബർ 26 നാണ് ഇന്ത്യൻ ഭരണഘടന കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലി സ്വീകരിച്ചത്. ഭരണഘടന 1956 ജനുവരി 26 ന് അംഗീകരിച്ചു.

ഭരണഘടനാ ശില്പി ഡോ. BR അംബേദ്കറുടെ 125 -ാം ജന്മ വാർഷികാഘോഷ വേളയിലാണ് 2015 ൽ നവംബർ 26 നെ ഭരണഘടനാ ദിനമായി പുനർനാമകരണം ചെയ്തത്. നേരത്തെ ദേശീയ നിയമദിനം എന്നാണ് ഈ ദിവസം അറിയപ്പെട്ടിരുന്നത്.

✪✪✪

തിരുവനന്തപുരം റീജിയണൽ പാസ്പോർട്ട് ഓഫീസിന്റെ സഹകരണത്തോടെ ആകാശവാണി തിരുവനന്തപുരം നിലയം ഹൈസ്കൂൾ വിദ്യാർഥികൾക്കായി നാളെ ഭരണഘടനാദിന പ്രശ്നോത്തരി മത്സരം സംഘടിപ്പിക്കും. രാവിലെ 10 മുതൽ ആകാശവാണി തിരുവനന്തപുരം നിലയത്തിലാണ് മത്സരം. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം.

✪✪✪

കേന്ദ്രം കൊണ്ടുവന്ന പുതുക്കിയ തൊഴിൽചട്ടങ്ങൾ സമ്പദ്വ്യവസ്ഥയെ ഉത്തേജിപ്പിക്കുകയും, തൊഴിലില്ലായ്മ കുറയ്ക്കുകയും ചെയ്യുമെന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ തയ്യാറാക്കിയ റിപ്പോർട്ടിൽ പറയുന്നു. തൊഴിലില്ലായ്മ 1.3 ശതമാനം കുറയുന്നതോടെ ഫലത്തിൽ 77 ലക്ഷം തൊഴിലവസരങ്ങൾ രാജ്യത്തുണ്ടാകുമെന്നാണ് വിലയിരുത്തൽ. ഇപ്പോഴത്തെ തൊഴിൽശക്തിയുടെ 15 ശതമാനത്തോളം വർദ്ധന ഭാവിയിൽ ഉണ്ടാകുന്നതോടെ ഔപചാരിക തൊഴിൽശക്തി നിരക്ക് 60.4 ൽ നിന്ന് 75.5 ശതമാനമായി ഉയരുമെന്ന് റിപ്പോർട്ട് പറയുന്നു.

✪✪✪

നീതിപൂർണമായ ജീവിതത്തിനും, ആത്മീയ ശക്തിക്കും വ്യക്തതയ്ക്കും വഴികാട്ടിയാണ് ഭഗവദ്ഗീതയെന്ന് കേന്ദ്രമന്ത്രി ഡോ. S ജയ്ശങ്കർ പറഞ്ഞു. കുരുക്ഷേത്രയിൽ പത്താമത് അന്താരാഷ്ട്ര ഗീതാ മഹോത്സവത്തെ ഓൺലൈനായി അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഭഗവദ്ഗീതയുടെ 25-ലധികം ഭാഷകളിൽ വിവർത്തനം ചെയ്ത പതിപ്പുകൾ പ്രദർശനത്തിനായി

ശേഖരിച്ചിട്ടുണ്ടെന്നും, ഗീതാ മഹോത്സവത്തെ അന്താരാഷ്ട്രവൽക്കരിക്കാനാണ് കേന്ദ്ര ഗവണ്മെന്റ് ശ്രമിക്കുന്നതെന്നും ഡോ. ജയ്ശങ്കർ പറഞ്ഞു.

✪✪✪

എത്യോപ്യയിലെ ഹെയ്‌ലി - ഗുബ്ബി അഗ്നിപർവത സ്ഫോടനത്തെ തുടർന്ന് പുകയും ചാരവും വ്യാപിച്ച സാചര്യത്തിൽ ഇന്ത്യൻ വിമാനക്കമ്പനികൾ പശ്ചിമേഷ്യൻ സർവീസുകൾ നിർത്തിവെക്കുകയോ, വഴിതിരിച്ചു വിടുകയോ ചെയ്തു. വ്യോമ ഗതാഗതത്തിന് സുരക്ഷിതമല്ലാത്ത സാഹചര്യങ്ങൾ ഉണ്ടായതിനെ തുടർന്നാണ് സർവീസുകൾ പുനഃക്രമീകരിച്ചത്.

മേഖലയിലെ വ്യോമാതിർത്തികൾ ഒഴിവാക്കാൻ വിമാനക്കമ്പനികൾക്ക് സിവിൽ ഏവിയേഷൻ ഡയറക്ടർ ജനറൽ നിർദ്ദേശം നൽകിയിരുന്നു. 45,000 അടിയ്ക്ക് മുകളിൽ വരെ ഉയരുന്ന ചാരവും, പുകയും എൻജിനുകൾക്ക് സാരമായ കേടുപാടുകൾ ഉണ്ടാക്കുമെന്നും, കാഴ്ച തടസ്സപ്പെടുത്തുമെന്നും മുന്നറിയിപ്പുണ്ട്. ഇതേതുടർന്ന് ഇൻഡിഗോ ആറ് വിമാനസർവീസുകൾ റദ്ദാക്കി.

കണ്ണൂർ-അബുദാബി വിമാനം അഹമ്മദാബാദിലേക്ക് തിരിച്ചുവിട്ടു. ആകാശ് എയർലൈൻസിന്റെ ഇന്നത്തെ അബുദാബി- ജിദ്ദ-കുവൈത്ത് സർവീസുകളും നിർത്തിവെച്ചു. എയർ ഇന്ത്യയും, എയർ ഇന്ത്യ എക്സ്പ്രസും സുരക്ഷ ഉറപ്പാക്കി വിമാനങ്ങളുടെ റൂട്ടുകൾ മാറ്റുന്നതിനും തീരുമാനമെടുത്തിട്ടുണ്ട്.

✪✪✪

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ ഇല്ലാതാക്കുന്ന അന്താരാഷ്ട്ര ദിനം ഇന്ന് ആചരിക്കുന്നു. ആഗോള തലത്തിൽ സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ അവസാനിപ്പിക്കാൻ ആവശ്യമായ വർദ്ധിച്ച നയരൂപീകരണമാണ് ദിനാചരണ ലക്ഷ്യം. 2008-ലാണ് ഐക്യരാഷ്ട്ര സഭ, ദിനാചരണത്തിന് തുടക്കം കുറിച്ചത്.

✪✪✪

ഗോവ രാജ്യാന്തര ചലച്ചിത്രമേളയിൽ ഇതിഹാസ താരം ധർമ്മേന്ദ്രയ്ക്ക് ചലച്ചിത്ര നിർമ്മാതാക്കളും, അഭിനേതാക്കളും, ക്യുറേറ്റർമാരും ആദരാഞ്ജലി അർപ്പിച്ചു. ധർമ്മേന്ദ്രയോട് ആദരസൂചകമായി ഇന്നലെ മേളയിലെ സിനിമാ പ്രദർശനങ്ങളൊഴികെ പ്രത്യേക പരിപാടികൾ റദ്ദാക്കി. ധർമ്മേന്ദ്ര ഇന്ത്യൻ സിനിമയ്ക്ക് നൽകിയ സംഭാവനകളെ ചലച്ചിത്ര പ്രവർത്തകർ അനുസ്മരിച്ചു.

✪✪✪

ഉത്തരാഖണ്ഡിൽ ഈ വർഷത്തെ ചാർ ധാം യാത്രയ്ക്ക് സമാപനം കുറിച്ച് ബദരിനാഥ് ക്ഷേത്രത്തിന്റെ കവാടങ്ങൾ ഉച്ചയ്ക്ക് അടയ്ക്കും. ശൈത്യകാലം ആരംഭിച്ചതിനെ തുടർന്നാണ് ചമോലി ജില്ലയിലെ ക്ഷേത്രം അടയ്ക്കുന്നത്.

✪✪✪

സംസ്ഥാന തദ്ദേശ തിരഞ്ഞെടുപ്പിന് മുന്നണികളും സ്ഥാനാർത്ഥികളും പ്രചാരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി. നാമനിർദ്ദേശ പത്രിക പിൻവലിക്കാൻ സമയപരിധി ഇന്നലെ അവസാനിച്ചതോടെ ത്രിതല പഞ്ചായത്തുകളിലെ സ്ഥാനാർത്ഥി ചിത്രം വ്യക്തമായി. നേതാക്കളും പ്രവർത്തകരും വീടുവീടാന്തരം കയറി വോട്ട് അഭ്യർത്ഥന നടത്തുകയാണ്.

പോളിംഗ് ഉദ്യോഗസ്ഥരുടെ പരിശീലനം രാവിലെ ആരംഭിച്ചു. 28 വരെയാണ് പരിശീലനം - തിരഞ്ഞെടുപ്പ് ഡ്യൂട്ടിയിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർക്ക് പോസ്റ്റൽ ബാലറ്റ് വിതരണം നാളെ ആരംഭിക്കും.

✪✪✪

മലപ്പുറം തവനൂർ മണ്ഡലത്തിലെ 38-ാം നമ്പർ ആനപ്പടി വെസ്റ്റ് LP സ്കൂൾ ബൂത്തിലെ BLO യെ കളക്ടർ ചുമതലയിൽ നിന്ന് നീക്കി. പൊതുജനങ്ങളോട് അപമര്യാദയായി പെരുമാറിയെന്ന് ശ്രദ്ധയിൽപെട്ടതിനെ തുടർന്നാണിത്. ഉദ്യോഗസ്ഥനോടു വിശദീകരണം തേടുമെന്ന് കളക്ടർ അറിയിച്ചു.

✪✪✪

തിരുവിതാംകൂർ ദേവസ്വം ബോർഡ് യോഗം തിരുവനന്തപുരത്ത് ആരംഭിച്ചു. ഡോ. K ജയകുമാർ ദേവസ്വം ബോർഡ് പ്രസിഡന്റായി ചുമതലയേറ്റ ശേഷം ചേരുന്ന ആദ്യ യോഗമാണിത്. ശബരിമലയിലെ തിരക്ക് നിയന്ത്രിക്കുന്നതടക്കം കാര്യങ്ങൾ ചർച്ച ചെയ്തേക്കും.

✪✪✪

ശബരിമല ദർശനത്തിന് തിരക്ക് വർദ്ധിക്കുന്ന സാഹചര്യം കണക്കിലെടുത്ത് ഇന്ന് സ്പോട്ട് ബുക്കിംഗ് 5,000 ആയി നിജപ്പെടുത്തി. വെർച്ചൽ ക്യൂ ബുക്കിംഗ് വഴി എഴുപതിനായിരം ഭക്തർക്കും ദർശനത്തിന് അവസരമുണ്ട്.

✪✪✪

ശബരിമല സ്വർണപ്പാളി കേസിൽ മുൻ MLA യും ദേവസ്വം ബോർഡ് മുൻ പ്രസിഡന്റുമായ A പദ്മകുമാറിന്റെ കസ്റ്റഡി അപേക്ഷ കൊല്ലം വിജിലൻസ് കോടതി നാളെ പരിഗണിച്ചേക്കും. പ്രത്യേക അന്വേഷണ സംഘം പ്രൊഡക്ഷൻ വാറണ്ട് സമർപ്പിച്ച പശ്ചാത്തലത്തിൽ പദ്മകുമാറിനെ നാളെ കോടതിയിൽ നേരിട്ട് ഹാജരാക്കും.

✪✪✪

ഗോഹട്ടി ക്രിക്കറ്റ് ടെസ്റ്റിൽ ദക്ഷിണാഫ്രിക്കയ്ക്ക് രണ്ടാം ഇന്നിംഗ്സിൽ നാല് വിക്കറ്റ് നഷ്ടമായി. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ ഇന്ത്യയ്ക്കെതിരെ അവർ 183 റൺസെടുത്തിട്ടുണ്ട്.

ഇന്ത്യ ഇന്നലെ ഒന്നാം ഇന്നിംഗ്സിൽ 201 റൺസിന് എല്ലാവരും പുറത്തായിരുന്നു.

✪✪✪

ലോക കേരള സഭയുടെ അഞ്ചാം സമ്മേളനം ജനുവരി 23-നും 24-നുമായി തിരുവനന്തപുരത്ത് ചേരും. സമ്മേളനം നടത്തിപ്പിന് നോർക്ക സ്പെഷ്യൽ സെക്രട്ടറി, ചെയർമാനായും, ലോക കേരള സഭ ഡയറക്ടർ, കൺവീനറുമായി പത്തംഗ ഉന്നതാധികാര സമിതി രൂപീകരിച്ചു.

✪✪✪

സൂപ്പർ ലീഗ് കേരള ഫുട്ബോളിൽ സെമി യോഗ്യത നേടുന്ന ആദ്യ ടീമായി കാലിക്കറ്റ് FC മാറി. കോഴിക്കോട് കോർപ്പറേഷൻ സ്റ്റേഡിയത്തിൽ മലപ്പുറം FC യെ ഒന്നിനെതിരെ മൂന്ന് ഗോളിന് തോൽപ്പിച്ചാണ് കാലിക്കറ്റ് സെമി ഉറപ്പിച്ചത്. എട്ട് റൗണ്ട് മത്സരം പൂർത്തിയായപ്പോൾ കാലിക്കറ്റ് 17 പോയിന്റുമായി ഒന്നാമതാണ്. 10 പോയിന്റോടെ മലപ്പുറം നാലാം സ്ഥാനത്തുണ്ട്.

മറ്റന്നാൾ ഒൻപതാം റൗണ്ടിലെ ആദ്യ മത്സരത്തിൽ തൃശൂർ മാജിക് FC, ഫോഴ്സ കൊച്ചി FC യെ നേരിടും. തൃശൂർ കോർപ്പറേഷൻ സ്റ്റേഡിയത്തിൽ വൈകിട്ട് 7.30 നാണ് കിക്കോഫ്.

✪✪✪

ഗുരുവായൂരിൽ പാരമ്പര്യ ഏകാദശി വിളക്കുകൾ ഇന്നു തുടങ്ങും. പഞ്ചമി വിളക്കുകളോടെയാണ് പാരമ്പര്യ വിളക്കുകൾക്ക് തുടക്കമാകുന്നത്.

തൃശൂരിൽ നിന്ന് ഭരിത പ്രതാപ്.

......(വോയ്സ്)......

✪✪✪

ക്വാറി ഉൽപന്നങ്ങളുടെ അനിയന്ത്രിതമായ വിലവർധന തടയാൻ ഗവൺമെന്റ് ഇടപെടണമെന്ന് കേരള ഗവ. കോൺട്രാക്ടേഴ്സ് ഫെഡറേഷൻ കണ്ണൂർ ജില്ലാ കമ്മറ്റി വാർത്താ സമ്മേളനത്തിൽ ആവശ്യപ്പെട്ടു. വിലക്കയറ്റം മൂലം ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കാത്ത അവസ്ഥയാണെന്നും ജില്ലാ സെക്രട്ടറി A. വിജയൻ പറഞ്ഞു.

✪✪✪

അടുത്ത കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ ഡിസംബർ 26-നകം പബ്ലിക് സർവീസ് കമ്മീഷനെ അറിയിക്കണമെന്ന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് നിർദേശം നൽകി. ഒഴിവുകൾ ഡിസംബർ 30-നകം സെക്രട്ടറിയേറ്റിലെ ബന്ധപ്പെട്ട വകുപ്പിനും ഉദ്യോഗസ്ഥ പരിഷ്കാര വകുപ്പിനും കൈമാറേണ്ടതാണ്.

✪✪✪

കോഴിക്കോട് റവന്യു ജില്ലാ കലോത്സവത്തിലെ സ്റ്റേജ് മത്സരങ്ങൾ കൊയിലാണ്ടിയിൽ ആരംഭിച്ചു. 17 ഉപജില്ലകളിൽ നിന്ന് 1,100-ഓളം

വിദ്യാർത്ഥികളാണ് മത്സരത്തിൽ പങ്കെടുക്കുന്നത്. രചനാ മത്സരങ്ങൾ ഇന്നലെ നടത്തിയിരുന്നു.

✪✪✪

30-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ ഡെലിഗേറ്റ് രജിസ്ട്രേഷൻ ആരംഭിച്ചു. ഔദ്യോഗിക ലിങ്കിലൂടെ രജിസ്ട്രേഷൻ നടത്താം. തിരുവനന്തപുരത്ത് അടുത്തമാസം 12 മുതൽ 19 വരെയാണ് ചലച്ചിത്ര മേള സംഘടിപ്പിക്കുന്നത്.

✪✪✪

കോഴിക്കോട് ലളിതകലാ അക്കാദമിയിൽ അഞ്ച് ദിവസത്തെ VS അച്യുതാനന്ദൻ അനുസ്മരണ പരിപാടികൾ ഇന്നാരംഭിക്കും. നാളെ ടൗൺഹാളിൽ പരിപാടിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന ദേശീയ സെമിനാറിൽ സുപ്രീം കോടതി മുൻ ജഡ്ജി ജസ്റ്റിസ് ചെലമേശ്വർ പങ്കെടുക്കും.

✪✪✪

സ്വർണ്ണവില വർധിച്ചു. പവന് 1,400 രൂപ വർധിച്ച് 93,160 ലെത്തി. 11,645 രൂപയാണ് ഗ്രാമിന് ഇന്നത്തെ വില.

✪✪✪

സംസ്ഥാനത്ത് നാളെ വരെ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴ സാധ്യത കണക്കിലെടുത്ത് ഇന്ന് തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. നാളെ രണ്ട് ജില്ലകളിൽ മഞ്ഞ ജാഗ്രതാ നിർദ്ദേശമുണ്ട്.

✪✪✪

---

.

*News Editor : വി കെ സുരേഷ്*
*News Reader: അനുഷ ആത്മപ്രകാശ്*
*NRTs: അനിൽ ചന്ദ്രൻ*
*DEO : ഷീബ*